# ഇസ്‌ലാമിക പ്രസ്ഥാനവും ജനാധിപത്യവും

എ.വൈ.ആർ

ഭാരതം ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ട്രമാണ്. ജനങ്ങളുടെ പരമാധികാരത്തിലധിഷ്ഠിതമായ സാമൂഹിക ക്രമമാണ് ജനാധിപത്യം. ജനങ്ങളുടെ ഇഛയും അഭിലാഷങ്ങളും അനുസരിച്ചാണ് ഇവിടത്തെ- സാമൂഹിക-രാഷട്രീയ-സാമ്പത്തിക കാര്യങ്ങൾ കയ്യാളുന്നത്. ജനങ്ങളാഗ്രഹിക്കുന്നതെന്തോ അതാണ് നീതിയും ധർമവും സത്യവും.

ജനായത്തം പൗരന്മാരെ സേഛാധിപതികളുടെയും വർഗങ്ങളുടെയും ഇസങ്ങളുടെയും അടിമത്തത്തിൽനിന്ന് മോചിപ്പിക്കുന്നു. ജനങ്ങളിഷ്ടപ്പെടാത്തതെന്തും തിരസ്കരിക്കാനവർക്ക് അവകാശമുണ്ട്. ജനാധിപത്യ വ്യവസ്ഥയിൽ ഭരണകാര്യങ്ങൾ മറയ്ക്കു പിന്നിലേക്കു കൊണ്ടുപോകാതെ ജനങ്ങളുടെ മുമ്പിൽവെച്ച് തീരുമാനിക്കപ്പെടുന്നു. അതുകൊണ്ട് ഭരണവർഗത്തിന് ജനങ്ങളെ വഞ്ചിക്കാനുള്ള അവസരങ്ങൾ ഈ വ്യവസ്ഥയിൽ താരതമ്യേന കുറയുന്നു.

ജനാധിപത്യ വ്യവസ്ഥയിൽ വ്യക്തികൾക്ക് ചിന്തിക്കാനും അഭിപ്രായം രൂപീകരിക്കാനും അതു പ്രചരിപ്പിക്കാനും സംഘടിപ്പിക്കാനും സ്വാതന്ത്ര്യമുണ്ട്. ഭൂരുപക്ഷമാണ് സമൂഹത്തിന്റെ ഭാഗധേയം നിർണയിക്കുകയെങ്കിലും ന്യൂനപക്ഷം ഭൂരിപക്ഷത്തിന്റെ അടിമകളല്ല. തങ്ങളുടേതായ ആശയങ്ങൾ -അത് ജനാധിപത്യ സിദ്ധാന്തത്തെ മാനിക്കാത്തതായിരുന്നാൽ പോലും- പ്രകടിപ്പിക്കാനും പ്രചരിപ്പിക്കാനും അങ്ങനെ ഭൂരിപക്ഷമായിത്തീരാനുമുള്ള അവകാശവും അവസരവും അത് ന്യൂനപക്ഷത്തിന് വകവെച്ചുകൊടുക്കുന്നു. ഇതര വ്യവസ്ഥിതികളിൽനിന്ന് പ്രതീക്ഷിച്ചുകൂടാത്ത ഒരു ഗുണമാണിത്. സോഷ്യലിസ്റ്റ് സർവാധിപത്യ സമൂഹങ്ങളിലേതു പോലെ സ്റ്റേറ്റ് ആവശ്യപ്പെടുന്നതെന്തോ അത് പഠിച്ചുകൊള്ളണമെന്നോ സ്റ്റേറ്റിനാവശ്യമുള്ളതെന്തോ അതു ചിന്തിച്ചുകൊള്ളണമെന്നോ സൃഷ്ടിച്ചുകൊള്ളണമെന്നോ ഉള്ള നിർബന്ധം ജനായത്ത രാഷ്ട്രത്തിലില്ല. ഈ നിലപാട് ജനായത്ത സമൂഹങ്ങളിൽ സാഹിത്യ-കലാ ശാസ്ത്രങ്ങളും വൈജ്ഞാനിക ചിന്താ പ്രസ്ഥാനങ്ങളും അഭംഗുരം വളർന്നു വികസിക്കാൻ സഹായിക്കുന്നു.

എന്നാൽ സമഗ്രവും സമ്പൂർണവുമായ ഒരു ജീവിത വ്യവസ്ഥയല്ല ജനാധിപത്യം. ഒരു സമൂഹം ഏതു ജീവിതവ്യവസ്ഥ സ്വീകരിക്കണം ഏതു സ്വീകരിച്ചുകൂടാ എന്ന് ജനാധിപത്യം നിർദേശിക്കുന്നില്ല. ഏതും സ്വീകരിക്കാനും തിരസ്കരിക്കാനുമുള്ള പരമാധികാരം ജനങ്ങൾക്കു നൽകുകയാണത് ചെയ്തിട്ടുള്ളത്. ജനാധിപത്യക്രമത്തിൽ ഭൂരിപക്ഷം ഇഷ്ടപ്പെടുന്നതെന്തോ അതാണവരുടെ ജീവിതവ്യവസ്ഥയും സത്യവും ധർമവുമൊക്കെ. അതുകൊണ്ടത്രെ മുതലാളിത്തം, സോഷ്യലിസം, കമ്യൂണിസം തുടങ്ങിയ 'സാമൂഹിക രീതികളൊക്കെ' ജനാധിപത്യത്തോടൊപ്പം കൂട്ടിക്കെട്ടാൻ കഴിയുന്നത്.

**ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ വീക്ഷണം**

ഇസ്‌ലാമികപ്രസ്ഥാനം ജനങ്ങളുടെ അനിയന്ത്രിതവും നിരപേക്ഷവുമായ പരമാധികാരത്തിൽ വിശ്വസിക്കുന്നില്ല. രാഷ്ട്രത്തിന്റെ പരമാധികാരവും ഉടമാവകാശവും നിരപേക്ഷമായി കയ്യാളാൻ ബഹുജനം അർഹരല്ലെന്നാണ് മാനവകുലത്തിന്റെ ഇതപര്യന്തമുള്ള ചരിത്രാനുഭവങ്ങൾ പഠിപ്പിക്കുന്നത്. ജനാധിപത്യം അതിന്റെ തൊട്ടിലിൽ വെച്ചുതന്നെ സോക്രട്ടീസിനെ വിഷം കൊടുത്തു കൊന്നുവെന്ന ചരിത്രസത്യം വിസ്മരിക്കാവതല്ല. ആധുനിക ജനാധിപത്യത്തിന്റെ പിതാവായ അബ്രഹാംലിങ്കനെ വെടിവെച്ചു കൊന്നതും ബഹുജനങ്ങൾ തന്നെയാണ്.

പൊതുജനം കഴുതയല്ല എന്നത് ശരിതന്നെ. പക്ഷേ, കൗശലക്കാർക്ക് പൊതുജനത്തെ കഴുതയാക്കാൻ കഴിയുമെന്നത് നിഷേധിച്ചുകൂടാ. വിചാരത്തേക്കാൾ കൂടുതൽ വികാരമാണ് പൊതുജനങ്ങളെ ഭരിക്കുന്നത്. അതുകൊണ്ട് ധർമവും സദാചാരവും രാഷ്ട്രവും സമൂഹവുമൊന്നും ബഹുജനത്തിന്റെ കയ്യിൽ സുരക്ഷിതമല്ല. ചരിത്രത്തിൽ മഹത്തായതെന്തിനെയും ആദ്യം എതിർക്കുകയാണ് ബഹുജനം ചെയ്തിട്ടുള്ളത്. അവ ബഹുജനങ്ങളുടെ എതിർപ്പിനെ അതിജയിച്ചു നിലനിന്നപ്പോഴേ ബഹുജനങ്ങൾ അവയെ അംഗീകരിച്ചിട്ടുള്ളൂ.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സുദീർഘമായ ചരിത്രവും ഈ യാഥർഥ്യം തന്നെയാണ് നമ്മെ പഠിപ്പിക്കുന്നത്. നൂഹ് നബി(അ)യെ എതിർത്തത് ജനങ്ങളായിരുന്നു. ലൂത്ത് നബി(അ)യെയും സ്വാലിഹ് നബി(അ)യെയും എതിർത്തതും ബഹുജനങ്ങളായിരുന്നു. സകരിയ്യാ നബി(അ)യെ വധിച്ചതും അവരായിരുന്നു. ഈസാ നബി(അ)യെയും മുഹമ്മദ് നബി(സ)യെയും വധിക്കാൻ ശ്രമിച്ചതും ജനങ്ങൾതന്നെ. ബഹുജനങ്ങളിൽ വിസ്വാസം അർപ്പിച്ചുകൂടെന്നു സമർഥിച്ചുകൊണ്ട് പ്രമുഖ ജനാധിപത്യവാദിയും പ്രസിദ്ധ സാഹിത്യകാരനുമായ സി.ജെ. തോമസ് പറഞ്ഞു: "ഭരണാധികാരികളുടെ മനോഭാവമനുസരിച്ച് പൗരന്മാരുടെ നീതിബോധം ആടിയുലയുന്നത് സോഫോക്ലീസ് ചിത്രീകരിച്ചിട്ടുണ്ട്. ബ്രൂട്ടസിന്റെയും ആന്റണിയുടെയും കൂടെ മാറിമാറി ചാഞ്ചാടുന്ന റോമൻ ജനത്തെ ഷേക്സ്പിയർ നൂറു വട്ടം അപഹസിച്ചിട്ടുണ്ട്. ഇബ്സനിലെത്തിയപ്പോൾ സർവ ജനത്തെയും ചെറുത്തുകൊണ്ട് ഏകാകിയായി എഴുന്നേറ്റു നിന്ന് കല്ലേറുകൊള്ളുന്നവൻ മാത്രമാണ് മഹാൻ എന്നുവരെയെത്തി. കലാഭാസങ്ങളെ പുലർത്തുന്നതും അർധ

രാത്രി അസമയത്തു വണ്ടിയിറങ്ങുന്ന സിനിമാനടനെ കാണാൻ പതിനായിരക്കണക്കിനെത്തുന്നതും ബഹുജനമാണ്. ഭാഗ്യക്കുറിത്തട്ടിപ്പുകളെ പോഷിപ്പിക്കുന്നതവരാണ്. പുണ്യാത്മാക്കളെ അടിച്ചുകൊല്ലുന്നതും വർ തന്നെ."

(ധിക്കാരിയുടെ കാതൽ, പേ: 72)

അതിൽ അസ്വാഭാവികമായി ഒന്നുമില്ല. ജനമെന്നത് മനുഷ്യരുടെ സംഘമാണ്. പ്രപഞ്ചത്തിലെ ഏറ്റവും ഉന്നതവും മഹത്തരവുമായ സൃഷ്ടിയാണ് മനുഷ്യൻ. ഈ മഹത്വവും ഔന്നിത്യവും പക്ഷേ, ആപേക്ഷികങ്ങളാണ്. പ്രപഞ്ചത്തിലെ ഇതര സൃഷ്ടികളോടു തുലനം ചെയ്യുമ്പോഴേ അവൻ ഉന്നതനും ഉൽകൃഷ്ടനും മഹാനുമായിത്തീരുന്നുള്ളൂ. മനുഷ്യനെ മാത്രം എടുത്തു പരിശോധിച്ചാൽ അവൻ അത്രക്കൊന്നും ഉന്നതനല്ല; ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമാണ്. ഉന്നതികളിലേക്കുയരാനുള്ള ബുദ്ധിയും വിവേചനശക്തിയും വികാരങ്ങളും അവനുണ്ട്. എന്നാൽ, ഇതേ ഗുണങ്ങൾക്കുതന്നെ അവനെ അധമത്വത്തിലേക്കാഴ്ത്താനും സാധിക്കും. അതാണ് അല്ലാഹു പറഞ്ഞത്: "മനുഷ്യനെ നാം ഏറ്റവും സുന്ദരമായ ഘടനയിൽ സൃഷ്ടിച്ചു. പിന്നീട് നാമവനെ അധമരിൽ അധമനാക്കി മാറ്റുന്നു."

മനുഷ്യനു ബുദ്ധിയുണ്ട്. അത്രതന്നെ വികാരവുമുണ്ട്. ബുദ്ധിയെയും വികാരത്തെയും സമന്വയിപ്പിക്കാൻ സാധാരണ മനുഷ്യന് കഴിയാറില്ല. അവൻ ശാരീരികമായെന്നപോലെ മാനസികമായും ദുർബലനാണ്. അല്ലാഹു പറഞ്ഞു:

"ദുർബലനായല്ലോ മനുഷ്യൻ സൃഷ്ടക്കപ്പെട്ടിരിക്കുന്നത്." സ്വന്തം ബുദ്ധിയും ചിന്താശക്തിയും ഉപയോഗിച്ച് നന്മ-തിന്മകളെ വിവേചിച്ച് അനുഷ്ഠിക്കാനുള്ളക്ഷമയും സാവകാശവും അവർ പ്രകടിപ്പിക്കാറില്ല. ഖുർആൻ അത് വ്യക്തമാക്കുന്നു:

"നിശ്ചയം മനുഷ്യൻ ക്ഷമയറ്റവനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. വിഷമം തൊട്ടാൽമതി, അവൻ അസ്വസ്ഥനാകുന്നു. സൗഖ്യം തൊട്ടാലോ, അവൻ തടസ്സക്കാരനാകുന്നു." മനുഷ്യന്റെ ജ്ഞാനവും വളരെ പരിമിതമാണ്. അവന്റെ പഞ്ചേന്ദ്രിയങ്ങൾക്കു വിധേയമായ പ്രതിഭാസങ്ങൾ മാത്രമേ അവനു ഗ്രഹിക്കാൻ കഴിയൂ. ഖുർആൻ പറഞ്ഞു:

''ജ്ഞാനത്തിൽനിന്ന് അൽപം മാത്രമേ നിങ്ങൾക്കു നൽകപ്പെട്ടിട്ടുള്ളൂ."

ഇവ്വിധം ദുർബലരും എടുത്തുചാട്ടക്കാരും അൽപജ്ഞരുമായ വ്യക്തികളുടെ സങ്കേതമാണ് ബഹുജനമെന്നു പറയുന്നത്. സ്വന്തം ഭാഗധേയമോ ധർമനീതികളോ അവരുടെ കരങ്ങളിൽ സുരക്ഷിതമാണെന്നു കരുതാൻ ഒരു ന്യായവുമില്ല. സംഖ്യാധിക്യംകൊണ്ടു മാത്രം പരിഹരിക്കപ്പെടാവുന്ന കുറവുകളല്ല അവരുടേത്. മഹാകവി ഇഖ്ബാൽ ചോദിച്ചു: "51 കഴുതകൾ ചേർന്നാൽ ഒരു നല്ല മനുഷ്യനാകുമോ?" രണ്ടാൾ പറയുന്ന സത്യം രണ്ടയിരം പേർ എതിർത്താൽ അസത്യമാവുകയില്ല. അതുകൊണ്ട് പരമാധികാരം ജനങ്ങളെ നിരപേക്ഷം ഏൽപിച്ചുകൂടാ. ജനങ്ങളുടെ അധികാരങ്ങളെയും സ്വാതന്ത്ര്യങ്ങളെയും നിയന്ത്രിക്കുകയും നേർവഴിക്കു നയിക്കുകയും ചെയ്യുന്ന മറ്റൊരു ശക്തിക്കാണ് പരാധികാരം വകവെച്ചുകൊടുക്കേണ്ടത്. ആ ശക്തിയാവട്ടെ ജനങ്ങളാൽ നിർമിക്കപ്പെടുന്നതോ ജനങ്ങൾക്കു തന്നെ മാറ്റിമറിക്കാവുന്നതോ ആവുകയുമരുത്. അത് ജനങ്ങളിൽ നിന്നതീതവും ജനങ്ങളുട പേരിൽ ആരോപിക്കപ്പെടുന്ന കുറവുകളിൽനിന്നു മുക്തവുമായിരിക്കണം.

**രാഷ്ട്രം അല്ലാഹുവിന്റേത്**

ഇസ്‌ലാമിക വീക്ഷണത്തിൽ രാഷ്ട്രം ജനങ്ങളുടെ സമ്പത്താണെങ്കിലും അതിന്റെ ആത്യന്തികമായ ഉടമാവകാശവും പരമാധികാരവും അല്ലാഹുവിന്നാണ്. കാരണം അവനാണ് രാഷ്ട്രത്തിന്റെയും ജനങ്ങളുടെയും സ്രഷ്ടാവും സംരക്ഷകനും. ഖുർആൻ പറയുന്നു:

"ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിന്നുള്ളതാണ്."

"ആകാശഭൂമികളുടെ ആധിപത്യം അവന്നുള്ളതാകുന്നു."

ഈ വസ്തുത ഖുർആൻ നിരവധി സ്ഥലങ്ങളിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ആധിപത്യവും ഉടമാവകാശവും ആർക്കാണോ അവനാണ് യഥാർഥ വിധാതാവ്. ഖുർആൻ പറയുന്നു:

"വിധികർതൃത്വം അല്ലാഹുവിന്നു മാത്രമുള്ളതാകുന്നു. അവനെയല്ലാതെ അനുസരിക്കരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു."

ഇസ്‌ലാമിന്റെ വീക്ഷണത്തിൽ ജനങ്ങൾ പരമാധികരികളോ പരമ സ്വതന്ത്രരോ അല്ല. അരെല്ലാവരും അല്ലാഹുവിന്റെ അടിമകളും പ്രതിനിധികളുമാണ്. മനുഷ്യന്റെ തന്നെയോ മറ്റുവല്ല സൃഷ്ടികളുടേയുമോ അടിമത്തം സ്വീകരിക്കുവാൻ അല്ലാഹു മനുഷ്യനെ അനുവദിക്കുന്നില്ല. അവന്റെ പ്രതിനിധികളായി അവന്റെ വിധിവിലക്കുകൾ ഭൂമിയിൽ നടപ്പിലാക്കുകയാണ് മനുഷ്യന്റെ ചുമതല. അതുകൊണ്ട് പരമാധികാരം (ഹാകിമിയ്യത്ത്) ജനങ്ങൾക്കാണ് എന്ന അടിസ്ഥാനത്തിലുള്ള അനിയന്ത്രിതവും നിരപേക്ഷവുമായ ജനാധിപത്യത്തെ ഇസ്‌ലാമിക പ്രസ്ഥാനം സൈദ്ധാന്തികമായി അംഗീകരിക്കുന്നില്ല.

എന്നാൽ, രണ്ടു കാരണങ്ങളാൽ, ഇതര-നിരീശ്വര നിർമത പ്രസ്ഥാനങ്ങളെ എതിർക്കുന്ന അതേ തീഷ്ണതയിൽ ഇസ്‌ലാമിക പ്രസ്ഥാനം ജനാധിപത്യത്തെ എതിർക്കുന്നില്ല. എന്നല്ല, ജനങ്ങൾക്കാണ് പരമാധികാരം എന്നതൊഴിച്ചുള്ള അതിന്റെ പല ഗുണങ്ങളെയും അത് അംഗീകരിക്കുകയും മാനിക്കുകയും ചെയ്യുന്നു. ജനാധിപത്യം പൗരന്മാർക്ക് അനുവദിച്ചുകൊടുക്കുന്ന മൗലികാവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും ഇസ്‌ലാമും അനുവദിക്കുന്നുണ്ട് എന്നതാണ് ഒരു കാരണം. സാമൂഹിക നേതൃത്വം വ്യക്തികളുടേയോ വർഗങ്ങളുടേയോ കുത്തയല്ലെന്നും സാമൂഹിക പ്രശ്നം കയ്യാളുന്നവർ ജനങ്ങളുടെ അഭിപ്രായം പരിഗണിക്കേണ്ടതുണ്ടെന്നും ഖുർആൻ പഠിപ്പിക്കുന്നു. ഈ ഖുർആനികാധ്യാപനങ്ങളോട് സമീകരിക്കപ്പെട്ട ഒരു വീക്ഷണമാണ് ജനാധിപത്യത്തെക്കുറിച്ച് ഇസ്‌ലാമിക പ്രസ്ഥാനം അംഗീകരിച്ചിട്ടുള്ളത്. അഭിവക്ത ഭാരതത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപക നേതാവായിരുന്ന സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി അതിപ്രകാരം വ്യക്തമാക്കിയിരിക്കുന്നു.

ജനങ്ങളുടെ ഹാകിമിയ്യത്തിന്റെ (അധീശാധിപത്യത്തിന്റെ) സ്ഥാനത്ത് ജനങ്ങളുടെ ഖിലാഫത്തിനെ (പ്രാതിനിധ്യത്തെ) യാണ് നാം അംഗീകരിക്കുന്നത്. രാജാധിപത്യ(Monarchy)ത്തോടും നാടുവാഴി മേദാവിത്വത്തോടും വർഗപരമായ കുത്തകാവകാശത്തോടും നമുക്ക് തീർത്താൽ തീരാത്ത അമർഷമുണ്ട്. ആധുനിക കാലത്തെ ഏറ്റവും വലിയ ഒരു ജനാധിപത്യവാദിക്കുണ്ടാവുന്നത്ര അമർഷം. സാമൂഹിക ജീവിതത്തിൽ എല്ലാ ഓരോരുത്തർക്കും തുല്യ അവകാശവും തുല്യ നിലപാടും തുല്യ അവസരവും ലഭിക്കണമെന്ന് നമുക്ക് വലിയ ശാഠ്യമുണ്ട്- ഒരു പാശ്ചാത്യൻ ജനാധിപത്യ വാദിക്കുള്ളത്ര ശാഠ്യം. ദേശവാസികളുടെ സ്വാതന്ത്രവും നിർബാധവുമായ ഹിതാനുസാരമായിരിക്കണം ഗവൺമെന്റിന്റെ ഭരണ നിർവഹണവും ഭരണാധികാരികളുടെ തെരഞ്ഞെടുപ്പും എന്നതിനെ സംബന്ധിച്ചിടത്തോളം നമുക്ക് യാതൊരു എതിരഭിപ്രായവുമില്ല. പ്രജകൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും പ്രക്ഷോഭണ സ്വാതന്ത്ര്യവുമില്ലാത്തതോ, ജനനം, പാരമ്പര്യം, ജാതി, വർഗം തുടങ്ങിയവയെ ആധാരമാക്കിയുള്ള പ്രത്യേകാവകാശങ്ങളും പ്രത്യേക ബന്ധമുള്ളതോ ആയ ഒരു ജീവിത വ്യവസ്ഥിതിയെ നാം ഒരിക്കലും അനുകൂലിക്കുന്നില്ല. ജനാധിപത്യത്തിന്റെ യഥാർഥ സത്തായ ഇവ്വിധം വിഷയങ്ങളിലൊന്നും നാം വിഭാവനം ചെയ്യുന്ന ജനപ്രാതിനിധ്യവും പാശ്ചാത്യ ജനാധിപത്യവും തമ്മിൽ അന്തരമൊന്നുമില്ല. ഇവയൊന്നും തന്നെ പാശ്ചാത്യൻ നമ്മെ അഭ്യസിപ്പിച്ചതുമല്ല. പടിഞ്ഞാറൻ ജനാധിപത്യ വാദികൾ ജന്മമെടുക്കുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ നമുക്കതറിയാം. അതിന്റെ ഏറ്റവും നല്ല മാതൃക ലോകത്തിന് നാം പ്രായോഗികമായി കാട്ടിക്കൊടുത്തിട്ടുള്ളതുമാണ്. വാസ്തവത്തിൽ ഈ പുത്തൻ ജനാധിപത്യത്തിൽ നമുക്ക് പറ്റാത്തത് ഒന്നു മാത്രമാകുന്നു. അത് ജനങ്ങളുടെ സേഛാ പ്രഭുത്വത്തെ ആവിഷ്കരിച്ചുവെന്നത്. ഈ കാര്യ

ത്തിൽ നമുക്കതിനോട് കഠിനമായ എതിർപ്പും ശത്രുതയുമാണുള്ളത്." (ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേശം. പേ: 24:25)

**ജനായത്ത വ്യവസ്ഥ ഒരു മാർഗം**

ഇതര നിരീശ്വര നിർമത പ്രസ്ഥാനങ്ങളെ അപേക്ഷിച്ച് ജനാധിപത്യ ക്രമത്തോട് കൂടുതൽ സഹവർത്തിത്വപരമായ നിലപാട് സ്വീകരിക്കുവാൻ ഇസ്‌ലാമിക പ്രസ്ഥാനത്തെ പ്രേരിപ്പിക്കുന്ന രണ്ടാമത്തെ കാരണം പ്രബോധനപരമാണ്. ആദർശവിശ്വാസങ്ങൾ സ്വീകരിക്കുവാനും അവ പ്രചരിപ്പിക്കുവാനും അവയുടെ പേരിൽ സംഘടിക്കുവാനും ജനാധിപത്യ വ്യവസ്ഥ എല്ലാ പൗരന്മാർക്കും സ്വാതന്ത്ര്യം നൽകുന്നു. അവകാശങ്ങളുടെയും സ്വാതന്ത്ര്യങ്ങളുടെയും തണലിലാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഇന്ത്യയിൽ സംഘടിക്കാൻ കഴിയുന്നത്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ഇഖാമത്തുദ്ദീൻ (ദീനിന്റെ സംസ്ഥാപനം) എന്ന ലക്ഷ്യത്തിലേക്കുള്ള ചവിട്ടുപടിയാണ് ഇസ്‌ലാമിക പ്രസ്ഥാനത്തെ സംബന്ധിച്ചേടത്തോളം ഇന്ത്യയിലെ ജനാധിപത്യക്രമം. ജനാധിപത്യത്തിന്റെ വിനാശം പ്രസ്ഥാനത്തിന്റെ അസ്ഥിത്വത്തെ തന്നെ അപകടപ്പെടുത്തും.

'ജമാഅത്തെ ഇസ്‌ലാമി- പ്രവർത്തനവും പരിപാടിയും' എന്ന പ്രസിദ്ധീകരണത്തിൽ ഈ വസ്തുത ഇപ്രകാരം വിശദീകരിച്ചിട്ടുണ്ട്:

ഇന്ത്യൻ ഭരണഘടന ജനാധിപത്യപരമാണ്; ഏകാധിപത്യപരമോ സർവാധിപത്യപരമോ അല്ല എന്നതു ഇന്നത്തെ സ്ഥിതിക്ക് വലിയ ഒരു നേട്ടമായി ഞങ്ങളും അംഗീകരിക്കുന്നു. ഇന്ത്യൻ ഭരണഘടനയിൽ അനുകരിക്കപ്പെട്ടിട്ടുള്ള പാശ്ചാത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനപരമായ ഒരു വശത്തോട് ഞങ്ങൾക്ക് വിയോജിപ്പുണ്ട്. അതായത്, മനുഷ്യന്റെ ജീവിത വ്യവഹാരങ്ങളിൽ ദൈവത്തിനു ലഭിക്കേണ്ടിയിരുന്ന സ്ഥാനം അതു ഭൂരിപക്ഷത്തിനു നൽകിയിരിക്കുന്നു. എല്ലാ കുഴപ്പങ്ങൾക്കും മൂല കാരണമാണിത്. എന്നിരുന്നാലും ജനാധിപത്യത്തിന്റെ പ്രായോഗിക വശവും അന്തരഫലങ്ങളും പരിഗണിക്കുമ്പോൾ ഏകാധിപത്യത്തെയും സർവാധിപത്യത്തെയും അപേക്ഷിച്ച് ഞങ്ങൾ ഏത് നിലക്കും അതിന് മുൻഗണന നൽകുന്നു. കാരണം, ദൈവ പ്രാതിനിധ്യത്തിനു കീഴിൽ സാക്ഷാൽ അധികാര കർതൃത്വം ജന ഭൂരിപക്ഷത്തിനാണ്. ഏതെങ്കിലും വ്യക്തിക്കോ വിഭാഗങ്ങൾക്കോ അല്ല എന്ന ഞങ്ങളുടെ വിശ്വാസത്തോട് അതാണ് താരതമ്യേന അകൽച്ച കുറഞ്ഞത്. കൂടാതെ മനുഷ്യ സമത്വം, അഭിപ്രായ ചിന്താ സ്വാതന്ത്ര്യം എന്നീ ഇസ്‌ലാമികാദർശങ്ങൾക്ക് ആധുനിക ജനാധിപത്യ വ്യവസ്ഥയിൽ സാമാന്യമായ ഒരു സ്ഥാനം ലഭിച്ചിട്ടുണ്ട്. ഏകാധിപത്യമാവട്ടെ വിശേഷിച്ചും, കമ്യൂണിസ്റ്റ് പ്രത്യേയ ശാസ്ത്രത്തിന്റെ നിഴലിൽ സ്ഥാപിക്കപ്പെട്ട അഭിനവ ഏകാധിപത്യം- മനുഷ്യനെ മനുഷ്യത്വത്തിന്റെ പദവിയിൽനിന്നും മൃഗങ്ങളുടെ പതനത്തിലേക്ക് പിടിച്ചിറക്കുകയാണ് ചെയ്യുന്നത്. മേൽ കാരണങ്ങളാൽ ഏകാധിപത്യത്തിന്റെയും സർവാധിപത്യത്തിന്റെയും പ്രവണതകളെ വളർത്തുന്ന എല്ലാ സംരംഭങ്ങളെയും എതിർക്കുവാനും ജനാധിപത്യ സമ്പ്രദായത്തിന്റെ വളർച്ചക്കുതകുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ആനുകൂല്യവും പിന്തുണയും നൽകാനും ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു." (ജമാഅത്തെ ഇസ്‌ലാമി- പ്രബോധന പരിപാടി പേജ്: 48-49)

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പോളിസി പ്രോഗ്രാമിൽ പറഞ്ഞു:

അഭിപ്രായ സ്വാതന്ത്ര്യവും ചിന്താ സ്വാതന്ത്ര്യവും ഓരോ മനുഷ്യന്റെയും ജന്മാവകാശമാണ്. നാട്ടിന്റെ ശരിയായ നിർമാണവും അഭിവൃദ്ധിയും എന്നുവേണ്ട ജമാഅത്തെ ഇസ്‌ലാമിയുടെ തന്നെ പ്രവർത്തനങ്ങളും തുടർന്നു പോകുന്നതിന് രാജ്യത്ത് ആ സ്വാതന്ത്ര്യങ്ങൾ നിലനിൽക്കേണ്ടത് അനിവാര്യമായ ഒരുപാധിയാണ്. അതിനാൽ സർവാധിപത്യത്തിന്റെയും ഏകാധിപത്യത്തിന്റെയും പ്രവണതകൾ വളരാനുതകുന്ന പ്രവർത്തനങ്ങളെ അധിക്ഷേപിക്കുക; നാട്ടിൽ അഭിപ്രായ ചിന്താ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വളർച്ച നൽകുന്ന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക, ആവശ്യമനുസരിച്ച് അതിന്നായി പൊതുജനാഭിപ്രായം അനുകൂലമാക്കിത്തീർക്കുക, ഇത് നമ്മുടെ പ്രോഗ്രാമിന്റെ ഒരു ഭാഗമായിരിക്കും. (ജമാഅത്തെ ഇസ്‌ലാമി പോളിസി പ്രോഗ്രാം പേജ്-19)

ചുരുക്കത്തിൽ തീരെ തൊട്ടുകൂടാത്തതും തീണ്ടിക്കൂടാത്തതുമായ ഒരു സിദ്ധാന്തമായിട്ടല്ല ഇസ്‌ലാമിക പ്രസ്ഥാനം ജനാധിപത്യത്തെ ഗണിക്കുന്നത്. ഇന്ത്യയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിലനിൽപ്പിനും വളർച്ചക്കും അനുപേക്ഷണീയമായ ഒരു ഉപാധിയെന്ന നിലക്ക് തദനുസൃതമായ ഒരു നിലപാടാണ് അത് കൈക്കൊള്ളുന്നത്. രാജ്യത്ത് ജനാധിപത്യ വിരുദ്ധ പ്രവണതകൾ പ്രകടമായപ്പോഴൊക്കെ ജമാഅത്തെ ഇസ്‌ലാമി അതിന്റെ കഴിവിൽ പടി അതിനെതിരിൽ ശബ്ദമുയർത്തിയിട്ടുണ്ട്.